# ആർ.എം.എച്ച്.എസ്.എസ്.


# മേലാറ്റൂർ



## ലിറ്റിൽ കൈറ്റ്സ്

ആർട്ടിഫിഷൽ ഇന്റലിജന്റ്സിന്റെ ലോകത്ത് സൗകര്യങ്ങൾ കൂടുംതോറും സമയം ഇല്ലാത്തവരായി മാറുന്ന നാം. സാങ്കേതികഉപകരണങ്ങൾക്ക് മുന്നിൽ തലകുനിച്ചിരിക്കുന്ന കാലത്ത്, അറിവിന്റെ ലോകം പുത്തൻവാർത്തകളുമായി നമ്മെ തലോടുമ്പോഴും വായനയുടെ ലോകം മരിക്കുന്നില്ല എന്ന് ലോകത്തോട് വിളിച്ചുപറയുകയാണ് കുഞ്ഞു പട്ടങ്ങളായ ഞങ്ങൾ (Little Kites). പറക്കാൻ കൊതിക്കുന്നു ഞങ്ങൾ നിങ്ങളുടെ മനസ്സിലൂടെ കുഞ്ഞു കഥകളായി, അനുഭവങ്ങളായി, കവിതകളായി. പറക്കാൻ സാധ്യമാകുമെന്ന ആത്മവിശ്വാസത്തോടെ ഞങ്ങളുടെ "ചിറകുകൾ" നിങ്ങൾക്കായി സമർപ്പിക്കുന്നു.

" പട്ടങ്ങളുടെ യാത്ര അവസാനിക്കുന്നില്ല "





R M HIGHER SECONDARY SCHOOL MELATTUR

**റവന്യൂ ജില്ല**
മലപ്പുറം

**വിദ്യാഭ്യാസ ജില്ല**
വണ്ടൂർ

**ഉപജില്ല**
മേലാറ്റൂർ

**പ്രധാന അദ്ധ്യാപകൻ**
കെ. സുഗുണപ്രകാശ് മാസ്റ്റർ

**പി.ടി.എ. പ്രസിഡണ്ട്**
സതീഷ് കുമാർ എം

# ചിറകുകൾ

ചീഫ് എഡിറ്റർ:

കെ. സുഗുണപ്രകാശ് (സ്ക്കൂൾ പ്രധാനാധ്യാപകൻ)

മാനേജിങ് എഡിറ്റർ:

മേലാറ്റൂർ പത്മനാഭൻ (സ്ക്കൂൾ മാനേജർ)

സ്റ്റാഫ് എഡിറ്റർമാർ:
മുഹമ്മദ് മുസ്തഫ പി. ടി , ലക്ഷ്മി ധന്യ കെ. ആർ
(അദ്ധ്യാപകർ)

സ്റ്റുഡന്റ് എഡിറ്റർ:

ശ്രാവൺ ഹരി (വിദ്യാർത്ഥി)

പേജ് ഡിസൈനർ:

മുഹമ്മദ് ഫയാസ് .വി (വിദ്യാർത്ഥി)

എഡിറ്റോറിയൽ ബോർഡ്:

മുഹമ്മദ് റംഷീദ് എ. ടി , ഫാത്തിമത്ത് ലിയ പി. പി , നജ
ഫാത്തിമ എം. പി (വിദ്യാർത്ഥികൾ)

# ടീം ലിറ്റിൽ കൈറ്റ്സ് ബാച്ച് 2022-2025

















# മേലാറ്റൂർ; ചരിത്രവും വർത്തമാനവും

ഗാന്ധിജി പറഞ്ഞതുപോലെ ഭാരതത്തിന്റെ ആത്മാവ് നിലകൊള്ളുന്നത് ഗ്രാമങ്ങളിലാണ്. വള്ളുവക്കോനാതിരി ഭരിച്ചിരുന്ന ഈ വള്ളുവനാട് ഗ്രാമത്തിന്റെ ഭാഗമാകമായതിനാൽ മേലാറ്റൂരുക്കാർ ഏറെ അഭിമാനിക്കുന്നു. മേലെ ആറൊഴുകുന്ന ഊരാണ് മേലാറ്റൂർ.ഭൗതിക സാഹചര്യങ്ങളുടെ നിറവിൽ ഒരു കൊച്ചു ഗ്രാമം മേലാറ്റൂർ.ഗവൺമെന്റ് ഓഫീസുകൾ,പോലീസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ,ആശുപത്രികൾ,സ്കൂളുകൾ. സ്വകാര്യ സ്ഥാപനങ്ങൾ എല്ലാം മേലാറ്റൂർകാർക്ക് കയ്യെത്തും ദൂരത്താണ്. താലൂക്ക് ആസ്ഥാനവും ആശുപത്രികളുടെ നഗരവുമായ പെരിന്തൽമണ്ണയിലേക്ക് കേവലം 13 കിലോമീറ്റർ മാത്രം. ഇതിലൊക്കെ ഉപരി മേലാറ്റൂരിന്റെ പേരും പെരുമയും ഉയർത്തിപ്പിടിച്ചുകൊണ്ട്. അതിപ്രൗഢ ഗാംഭീര്യത്തോടെ തിളങ്ങി നിൽക്കുന്ന മേലാറ്റൂരിന്റെ ഹൃദയഭാഗത്തായി നിൽക്കുന്ന rmhss എന്നും മേലാറ്റൂരിന് സ്വന്തം.4000 ത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന rmhs മേലാറ്റൂരിന്റെ സാക്ഷരത നിരക്കിൽ വളരെയേറെ സ്വാധീനം ചെലുത്തുന്നു. അതുകൊണ്ടുതന്നെ മേലാറ്റൂരിന്റെ വികസനത്തിൽ എടുത്തു പറയേണ്ട ഒന്നാണ് ആർ എം ഹൈസ്കൂളിന്റെ പങ്ക്. ഏറ്റവും പഴക്കമുള്ള വിദ്യാലയം ആണിത്. സവർണ കുടുംബങ്ങളിൽ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ഒരു നെടുമ്പുരയിൽ നാട്ടിലെ അച്ഛന് കീഴിലുള്ള പള്ളിക്കൂടമായി ഇരുന്നു ഇത്. മേലാറ്റൂരിലെ ആദ്യ വിദ്യാലയം ഇതായിരുന്നു.







# ചിറകുകൾ

ചീഫ് എഡിറ്റർ:

കെ. സുഗുണപ്രകാശ് (സ്‌കൂൾ പ്രധാനാധ്യാപകൻ)

മാനേജിങ് എഡിറ്റർ:

മേലാറ്റൂർ പത്മനാഭൻ (സ്‌കൂൾ മാനേജർ)

സ്റ്റാഫ് എഡിറ്റർമാർ:
മുഹമ്മദ് മുസ്തഫ പി. ടി , ലക്ഷ്മി ധന്യ കെ. ആർ
(അദ്ധ്യാപകർ)

സ്റ്റുഡന്റ് എഡിറ്റർ:

ശ്രാവൺ ഹരി (വിദ്യാർത്ഥി)

പേജ് ഡിസൈനർ:


മുഹമ്മദ് ഫയാസ് .വി (വിദ്യാർത്ഥി)

എഡിറ്റോറിയൽ ബോർഡ്:

മുഹമ്മദ് റംഷീദ് എ. ടി , ഫാത്തിമത്ത് ലിയ പി. പി , നജ
ഫാത്തിമ എം. പി (വിദ്യാർത്ഥികൾ)

## ആശംസകളോടെ

ഹെഡ്മാസ്റ്റർ



കെ സുഗുണപ്രകാശ് മാസ്റ്റർ

വിദ്യാലയം എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി നിലകൊള്ളുകയാണ്. കുട്ടികളുടെ പഠനപുരോഗതി മാത്രമല്ല വിദ്യാലയം ലക്ഷ്യമാക്കുന്നത്, കുട്ടികളുടെ സർഗ്ഗശേഷികളുടെ വികസനം കൂടിയാണ്. വരയും വാക്കുകളും വർണ്ണങ്ങളും കൊണ്ട് ചരിത്രം തീർക്കാൻ കഴിവുള്ളവരാണ് നമ്മുടെ കുട്ടികൾ. അവരിലെ സർഗ്ഗാത്മകത തിരിച്ചറിയലാണ് 'ചിറകുകൾ' എന്ന ഈ പതിപ്പ്.

കോവിഡ് കാലത്ത് അടച്ചിടപ്പെട്ട മനസ്സുകളുടെ പറന്നുയരലാണിവിടെ. സാംസ്കാരിക ഉന്നമനത്തിലേക്കുള്ള ചവിട്ടുപടികളാണ് ഇത്തരത്തിലുള്ള സർഗ്ഗസൃഷ്ടികൾ. വേനൽച്ചൂടിലേക്ക് കുളിരായി പെയ്തിറങ്ങുന്ന കഥകൾക്കും കവിതകൾക്കും വർണ്ണങ്ങൾക്കും അതിനു പിന്നിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും എല്ലാവിധ ആശംസകളും നേരുന്നതിനോടൊപ്പം ഞങ്ങളുടെ ഈ ഉദ്യമത്തിന് എല്ലാവരുടെയും പിന്തുണ പ്രതീക്ഷിച്ചുകൊണ്ട്...

---

## ആശംസകളോടെ

മാനേജർ



മേലാറ്റൂർ പത്മനാഭൻ

**പുതുമഴയുടെ വരവുപോലെ, പുതുസൃഷ്ടികളുടെ വരവറിയിക്കുന്ന ' ചിറകുകൾ' നമ്മുടെ വിദ്യാലയത്തിലെ കൊച്ചുമിടുക്കന്മാരും, മിടുക്കികളും ഇങ്ങനെ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ അത്യധികം സന്തോഷമുണ്ട്. വായന അല്പം പിറകിലേക്ക് ആയ എല്ലാവരേയും, കൊച്ചുകഥകളും, ലേഖനങ്ങളും, കവിതകളും, ചിത്രങ്ങളും ഉൾപ്പെടുന്ന ഈ ഡിജിറ്റൽ മാഗസിൻ വായനയുടെ പുതുലോകത്തിലേക്ക് കൈപിടിച്ചുയർത്തും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനുവേണ്ടി ആവേശപൂർവ്വം തയ്യാറായ എല്ലാ കുട്ടികൾക്കും, അവരെ അതിനു പ്രാപ്തരാക്കിയ എല്ലാ അധ്യാപകർക്കും ആശംസകൾ നേരുന്നു. എല്ലാ വായനക്കാരുടെയും പൂർണ്ണമായ പിന്തുണയും, ആശംസകളും എൻ്റെ കുട്ടികളുടെ കൂടെയുണ്ടാകും എന്ന പ്രതീക്ഷകളോടെ....**

# ലിറ്റിൽ കൈറ്റ്സ്

കാലത്തിനൊപ്പം സാങ്കേതികവിദ്യയെ ഉപകാരപ്രദമായ വിധത്തിൽ വിനിയോഗിക്കാൻ ഉതകുന്ന പുത്തൻ അറിവുകളെ സ്വായത്തമാക്കാനും പകർന്നു നൽകാനും സാങ്കേതിക ഉപകരണങ്ങളെ സുരക്ഷിതമായി സൂക്ഷിക്കുവാനും കേരള സർക്കാർ 2018 പ്രാരംഭം കുറിച്ച ഐടി യൂണിറ്റിന്റെ കുട്ടിപ്പട്ടാളങ്ങളാണ് ലിറ്റിൽ കൈറ്റ്സ്. ഗ്രാഫിക് ഡിസൈനിങ്, മൊബൈൽ ആപ്പ്, ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ്, ആർട്ടിഫിഷൽ ഇന്റലിജൻസ് , സൈബർ സുരക്ഷ , ക്യാമറ & ഡോക്യുമെന്റേഷൻ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ എട്ടാം ക്ലാസ് മുതൽ എല്ലാ ആഴ്ചകളിലും മറ്റു ഒഴിവു ദിവസങ്ങളിലും ആയി പത്താം ക്ലാസ്സ് വരെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ അടങ്ങിയിട്ടുള്ളത്.



സ്കൂളിൽ സാങ്കേതിക ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതോടൊ ഷം സ്കൂൾ പാർലമെന്ററി ഇലക്ഷൻ, സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരണം ഡിജിറ്റൽ മാഗസിൻ, സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. പത്താം ക്ലാസിൽ നിന്നും അസൈമെന്റ് ഗ്രൂപ്പ് വർക്ക് സമർപ്പണത്തോടൊപ്പം വിവിധ ഐടി കമ്പനികൾ സന്ദർശിക്കാൻ വേണ്ടി ഇൻഡസ്ട്രിയൽ വിസിറ്റിനായി ഒരു ദിവസം കണ്ടെത്തുന്നു.




സാങ്കേതികവിദ്യയുടെ നന്മോൻസുഖമായ വളർച്ചയിൽ അമ്മമാർക്ക് പരിശീലനം നൽകിക്കൊണ്ട് സൈബർ സുരക്ഷാ ക്ലാസുകൾ എല്ലാവർഷവും ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. കൂടാതെ ഡിജിറ്റൽ പൂക്കളമത്സരം, സ്കൂൾ തല ക്യാമ്പ് മുതൽ സംസ്ഥാന ക്യാമ്പ് വരെ വ്യത്യസ്ത പരിശീലനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം....

ഓരോ വർഷവും എട്ടാം ക്ലാസിൽ നിന്നും സോഫ്റ്റ്‌വെയർ അധിഷ്ഠിത പരീക്ഷയിലൂടെയാണ് കുട്ടികളെ തിരഞ്ഞെടുക്കാറുള്ളത്.



# കരുതൽ

ഒരു കോവിഡ് കാലം, നല്ല മഴയുള്ള ദിവസം, മിമ്മുവും അവളുടെ അനിയൻ നിച്ചുവും അകത്ത് അവരുടെ കിട പ്പുമുറിയിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മ വന്നു പറഞ്ഞു ...

"വേഗം റെഡിയാകു മക്ക ളെ" മിമ്മു ചോദിച്ചു "എങ്ങോട്ടാണ് അമ്മേ ന മ്മൾ പോകുന്നത്?"

അമ്മ പറഞ്ഞു

"മുത്തശ്ശിക്ക് നിങ്ങളെ കാ ണണം എന്ന് പറഞ്ഞു. മുത്തശ്ശിയുടെ വീട്ടിലേക്ക് പോവുകയാണ്. ഈ കോവിഡ്ക്കാലത്ത് മുത്തശ്ശി പറഞ്ഞതല്ലേ നിങ്ങളെ കാണണം എന്ന്. അതുകൊണ്ടാണ് ഇത്ര ധൃ തീപിടിച്ച് പോകുന്നത്."

"ഓഹോ...ഇപ്പോൾ റെഡി യാവാം" എന്ന് പറഞ്ഞ് മുറി യിൽ പോയി തിരിച്ചുവന്നു.

"പെട്ടെന്ന് റെഡിയായല്ലേ" എന്ന് അച്ഛൻ പറഞ്ഞു. അവർ വേഗം കാറിലേക്ക് കയറാൻ ഓടിയപ്പോൾ അമ്മ പറഞ്ഞു.

"നിങ്ങൾ മുത്തശ്ശിയോടും മുത്തച്ഛനും യാത്ര പറയൂ. എന്നിട്ട് മാസ്കും സാനിറ്റൈസറും എടുത്ത് കാറിൽ കയറ്"

അവർ ഇത് അനുസരിച്ചു കാറിൽ കയറി. അച്ഛനും അ മ്മയും വന്നു കാർ എടുത്തു.

കുറെ നേരത്തെ യാത്രയ്ക്ക് ശേഷം അമ്മയുടെ വീട്ടിലെ ത്തി. വേഗം കാറിൽ നിന്നിറ ങ്ങി. അപ്പോൾ അവിടെ അ മ്മയുടെ അനിയത്തി ഉണ്ടായിരുന്നു. അവർ സാനിറ്റൈസർ കൊടുത്തു. കുട്ടികൾ കൈ കഴുകി അകത്തേക്ക് കയറി, മുത്തശ്ശിയുടെ മുറിയിലേ ക്ക് ഓടിയപ്പോൾ മുത്തശ്ശി ഉറങ്ങുകയായിരുന്നു. മുത്തശ്ശിയെ വിളിച്ചുണർത്തി ഉറക്കം ഉണർന്ന് മുത്തശ്ശി അവരെ ചുംബിച്ചു. അവർ ഒരുപാട് വി ശേഷങ്ങൾ പങ്കുവെച്ചു. സമയം പോയത് അറിഞ്ഞില്ല. അവസാനം വീട്ടിലേക്ക് പോകാൻ സമയമായി. എന്തോ അ വർക്ക് പോകാൻ തോന്നുന്നില്ല എന്ന് പറഞ്ഞു, ഒരുപാട് സങ്കടത്തോടെ അവർ അവിടെ നിന്നിറങ്ങി. പോകു മ്പോൾ മുത്തശ്ശി മിഠായി വാങ്ങാൻ പണം നൽകി. അവർ യാത്ര പറഞ്ഞിറങ്ങി പോരുന്ന വഴിയിൽ നിച്ചു കുറെ കട കൾ കണ്ടു എനിക്ക് മിഠായി വേണമെന്ന് പറഞ്ഞു കരയാൻ തുടങ്ങി. അമ്മ അവനെ വഴക്കു പറഞ്ഞു. വീട് എത്തി നിച്ചു വളരെ ദേഷ്യത്തിൽ ആയിരുന്നു.



"പുറത്തുപോയി വന്നതല്ലേ നമ്മുടെ ശരീരത്തിൽ അണു ക്കൾ ഉണ്ടാവും അതുകൊണ്ട് സാനിറ്റൈസർ ഉപയോഗിച്ച് അകത്തോട്ടു കയറിയാൽ മതി" എന്ന് അമ്മ പറഞ്ഞു, മിമ്മു അതുപോലെ അനുസരി ച്ചു. എന്നാൽ നിച്ചു മിഠായി വാങ്ങിത്തരാത്തദേഷ്യത്തിൽ അകത്തോട്ട് കയറാൻ തുട ങ്ങിയപ്പോൾ മിമ്മു പറഞ്ഞു.

"നിച്ചു കയറരുത് സാനി റ്റൈസർ ഉപയോഗിക്കൂ. നമ്മളെ ഒരുപാട് സ്നേഹിക്കുന്ന പ്രായമായ മുത്തശ്ശിയും മുത്തച്ഛനും ഉണ്ട് ഇവിടെ അവർക്ക് നമ്മുടെ ശരീരത്തിലെ അ ണുക്കൾ കാരണം എന്തെങ്കിലും അസുഖം വന്നാലോ. നാം നമ്മെ കുറിച്ചു മാത്രമല്ല നമ്മുടെ ചുറ്റുവട്ടത്തുള്ളവരെയും ഓർക്കണം. അതുകൊ ണ്ട് അമ്മ പറഞ്ഞത് കേൾ ക്കു" എന്ന് പറഞ്ഞ് മനസ്സി ലാക്കി കൊടുത്തു. മിമ്മു അവന് ഇതിൻ്റെ ദോഷത്തെക്കുറിച്ച് പറഞ്ഞുകൊടുത്തു. അ വന് എല്ലാം മനസ്സിലായി. അവൻ അമ്മയോട് ദേഷ്യപ്പെട്ടതിന് ക്ഷമ ചോദിച്ചു. എന്നിട്ട് അവർ മുത്തച്ഛന്റെയും മു ത്തശ്ശിയുടെയും അടുത്ത് ചെന്ന് വിശേഷങ്ങൾ പറഞ്ഞു. കളിച്ചു. പിന്നീട് ഒരിക്കലും അവൻ അമ്മ പറയുന്നത് കേൾ ക്കാതെയിരുന്നിട്ടില്ല.

:ശ്രുതി 7ജി.




ലഹരി വാങ്ങാൻ, അതുവഴി ജീവിത വിനാശം വാങ്ങാൻ തയ്യാറാണ് ഇന്ന് ജനങ്ങൾ.മദ്യം കിട്ടാതെ വന്നു അക്രമങ്ങൾ ഒരുപാടു ഉണ്ടായിട്ടുണ്ട്. ഇത്തരം സമൂഹത്തെ മാറ്റിയെടുത്തില്ലെങ്കിൽ സമൂഹത്തിന് ഭീഷണി ഉയർത്തുന്നതിൽ ലഹരി വിജയിക്കും. സമൂഹം ലഹരിക്ക് കീഴടങ്ങും. അത് സമ്മതിക്കരുത്,ഒരിക്കലും

ലഹരി ആസ്വദിക്കാതെ ജീവിതം ആസ്വദിക്കാൻ പഠിക്കുകയാണ് മുഖ്യ.ലഹരി എന്താണ് അതിന്റെ അപകടങ്ങളും അതുവഴി വരുന്ന ജീവിത- സാമൂഹിക -സാമ്പത്തിക പ്രശ്നങ്ങളും എന്തൊക്കെയാണെന്ന് ഇതിനെക്കുറിച്ച് ഓരോ വ്യക്തിയേയും ബോധവാന്മാരാക്കണം.ഓരോ വ്യക്തിയും സമൂഹത്തിന്- അതിന്റെ വളർച്ചയ്ക്ക്- അനിവാര്യമാണ് എന്ന് കാര്യം ബോധ്യപ്പെടുത്തണം. ലഹരി ജീവിതത്തിന്റെ ലഹരി ജീവിതത്തിന്റെ അനിവാര്യഭാഗം അല്ല മറിച്ച്,ജീവിതത്തിൽ അനാവശ്യമായ വസ്തുവാണെന്ന് ഓരോരുത്തർക്കും ബോധ്യം വരണം. ശരീരത്തിൽ രോഗാണു വരുമ്പോൾ പ്രതിരോധിക്കുന്ന ഡീസൽ പോലെ ലഹരിയെ പ്രതിരോധിക്കുന്ന പടയാളികൾ ആകണം ഓരോ മനുഷ്യനും. ലഹരിക്കടിമപ്പെട്ടാൽ തിരിച്ചുവരാൻ ആകും. ലഹരിയുടെ പിടിയിൽ അമർന്നാൽ ജീവിതം അവസാനിക്കുന്നില്ല തിരിച്ചുവരാൻ ആകും,തിരിച്ചു വരണം. നൂതന സാങ്കേതിക വിദ്യയും വിദ്യാസമ്പന്ന വിദ്യാസമ്പന്നരായ കൗൺസിലർമാരും സഹായത്തിനായി വിളിപ്പുറത്തുണ്ട്. ഡി അഡിക്ഷൻ സെന്ററുകളിലും ഇ തിനുള്ള സേവനം ലഭ്യമാണ്. ലഹരി എന്ന പ്രളയത്തിൽ നിന്ന് കരകയറണം. കുട്ടികളിൽ ലഹരി ഉപയോഗം ദിനംപ്രതി വർദ്ധിക്കുന്നു. എന്താണെന്ന്മനസ്സിലാക്കി,വേണ്ട എന്ന് പറയാനും ആർജ്ജവം ഓരോ കുട്ടിയും നേടിയെടുക്കണം.നല്ല ഭാവിക്കും. നന്മനിറഞ്ഞ ജീവിതത്തിന്റെ തടാകത്തിൽ ആർത്തുല്ലസിക്കണം എന്ന സ്വപ്നം അവർക്ക് നൽകണം.തെറ്റും ശരിയും പഠിക്കണം,മനസ്സിലാക്കണം, തെറ്റായത് ചെയ്യാതിരിക്കണം.

വലിയ പ്രതീക്ഷകളും, നിറയെ സന്തോഷവും, നുറുങ്ങു പിണക്കങ്ങളും,ഇണക്കങ്ങളും നിറഞ്ഞ ജീവിതം എന്ന സുന്ദരമായ ട്രെയിൻ യാത്രയിൽ ലഹരി ജീവിതത്തെ പാളം തെറ്റിക്കരുത്. അതിനെ അനുവദിക്കരുത്.

ലഹരി ഒരു വലിയ അപകടമാണ്. എപ്പോൾ വേണമെങ്കിലും ചാടി വീഴാവുന്ന അപകടം.അതിനെ ക്ഷണിച്ചു വരുത്താതിരിക്കുക. മനുഷ്യനെ ഇല്ലാതാക്കുന്ന ലഹരി എന്ന ഈ വൈറസിനെ പ്രതിരോധിക്കണം,ഇല്ലാതാക്കണം. മനുഷ്യൻ ഒരുപാട് വൈറസുകളെ നേരിട്ടിട്ടുണ്ട്, പലപ്പോഴും വിജയത്തിന്റെ അടുക്കൽ എത്തിയിട്ടുണ്ട്.പക്ഷേ മനുഷ്യൻ എന്നും ചേർത്തുനിന്നിട്ടുണ്ട്.വിജയം മനുഷ്യന്റേതായിരുന്നു മനുഷ്യരാശി ഭീകരവും പൈശാചികവുമായ പ്രശ്നങ്ങളെ അതിജീവിച്ചിട്ടുണ്ടെങ്കിൽ ലഹരിയും മനുഷ്യനും മറികടക്കും, തീർച്ച.

ജീവിതമാകണം ലഹരി.ഓരോ നിമിഷവും അനർഘവും അമൂല്യവുമാണ്.ജീവിതത്തിലെ ആ അനർഘ നിമിഷങ്ങളും നിമിഷങ്ങളുടെ തെളിഞ്ഞ ആകാശത്തിലെ കറുത്ത മേഘങ്ങളാണ് ലഹരി. സന്തോഷത്തിന് ജീവിതത്തിന് മൂടുപടം ഇടാൻ ലഹരിയെ അനുവദിക്കരുത്.

പ്രതിരോധം ആകണം ലക്ഷ്യം നിലപാടുകളിലൂടെയും വാക്കുകളിലൂടെയും ലഹരി നിർമ്മാജനം. എത്ര തീരാ തലവേദന ആയാലും ഓരോ ചെറിയ വാക്കും,നിലപാടുകളും ലഹരി നിർമാർജനത്തിന് അടിവരയിടുന്നു.ഇല്ല,വേണ്ട എന്നൊരു വാക്ക്, അത് മതി, ഈ മനുഷ്യൻ നാശം അവസാനിപ്പിക്കാൻ.

അറിവുള്ള ആ യുക്തി വിനിയോഗിച്ച് ജീവിതം സഫലമാക്കുന്ന ഒരു സമൂഹമാണ് ഈ ലോകത്തിന് അനിവാര്യം. ഒരു മനുഷ്യപ്പട,ഒരു മനുഷ്യചങ്ങല,ഒരു തീരുമാനം ഈ ലോകത്തെ മാറ്റിമറിക്കും. ആ ധൈര്യം കാണിക്കണം. മനുഷ്യനെ മനുഷ്യൻ തന്നെ രക്ഷിക്കണം.മനുഷ്യരാശിയുടെയും പോരാട്ടങ്ങൾക്ക് ധൈര്യം പകരണം.ഈ വൈറസിനെ നേരിടണം. ലഹരിയെ മാസകിട്ടു നേരിടണം.

# തനിച്ച്



ഒരു മഴ പെയ്യുന്നു
സ്കൂൾ ബെൽ അടിക്കാൻ
നിമിഷങ്ങൾ
എല്ലാവരും കുടയിൽ
ഒരുവൻ മാത്രം ഒറ്റ
കൂട്ടുകാർ പോകുന്നു
ഇവൻ മഴയും കൊണ്ട്
കാത്തിരിക്കുന്നു
അവന്റെ കൂടെ ആരും
ഇല്ല എന്നൊരു വിഷമം
സഹിക്കാൻ കഴിയാതെ
അവൻ പോകും വഴിയിൽ
ഒരുതുള്ളി വെള്ളം
കണ്ണിൽ നിന്നുറ്റ
നനഞ്ഞു കൊണ്ട്
കുഞ്ഞു ജേഷ്ടനും
വീട്ടിലെത്തും
കുഞ്ഞുങ്ങൾ വീട്ടിൽ ഒറ്റയാണെന്ന
ഒറ്റക്കു നടന്നിവർ
എഴുതിയത്:തെൻസിഹ്

# ഞാൻ

എന്നിലെ എന്നെ തിരയുകയാണ് ഞാൻ.
ഞാൻ എവിടെയാണ്.....
എന്നിലെ കഴിവുകൾ അറിഞ്ഞപ്പോൾ
ഞാൻ അൽപ്പം വൈകി.
കഴിവുകൾ ദൈവം എല്ലാവർക്കും തരും.
കുഞ്ഞിലെ വളർന്ന കഴിവുകൾ.
വലുതാവുമ്പോൾ ഒട്ടും കുറയാതെ ഉണ്ട്.
എന്നിൽ ഞാനൊരു നാളം കണ്ടു.
അത് പിന്നെ ആളിപ്പടർന്നു.
പിന്നെ എപ്പോഴോ ആ നാളം അണഞ്ഞു പോയി.
അങ്ങനെ ഞാൻ എന്നെ തിരയുകയാണ്.
ഈ യാത്ര അവസാനിക്കുകയില്ല.
തുടരുന്നു ഞാൻ എന്റെ തിരച്ചിൽ.
ശ്രമങ്ങൾ തുടരണം
പാതിവഴിയിൽ അവസാനിപ്പിക്കരുത്.
അപ്പോഴേ നമുക്ക് നമ്മളെ മനസ്സിലാവുകയൊള്ളു.
ഈ ലോകത്ത്
നമ്മുടെ വികാരങ്ങൾ മനസ്സിലാക്കാൻ.
നമ്മൾ തന്നെ ഉള്ളൂ  എന്ന് മനസിലാക്കുക.




പവിത്ര. എൻ

# ഉത്സവപ്പറമ്പ്

എട്ട് വയസ്സുള്ള ചെറിയ ഒരു പെൺകുട്ടി ഉത്സവപ്പറമ്പിലേക്ക് പോവുകയായിരുന്നു. അവളുടെ അച്ഛനും, അമ്മയും, അനിയനും കൂടിയാണ് പോകുന്നത്. അവൾ നല്ല സന്തോഷത്തിൽ ആയിരുന്നു. അവിടെ കുറെ നല്ല പരിപാടികൾ ഉണ്ടായിരുന്നു. പടക്കങ്ങൾ, ആനകൾ, അങ്ങനെ എല്ലാം... കുറച്ച് നേരം അവർ



അവിടത്തെ നാടൻപാട്ടുകൾ, നൃത്തങ്ങൾ എല്ലാം കണ്ട് നിൽക്കുകയായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ അവർക്കു മനസ്സിലായി അനിയനെ കാണാനില്ല എന്ന്. അവിടെ എല്ലാ ഇടവും അവർ തിരഞ്ഞു. എന്നാലും അനിയനെ കിട്ടിയില്ല. അവിടത്തെ കടകളും, പറമ്പും എല്ലായിടത്തും പോയി നോക്കി. അവൻ അവിടെ ഒന്നുമില്ലായിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ പരിപാടികൾ എല്ലാം കഴിഞ്ഞു. അവർ നല്ലോണം പേടിച്ചു. എന്നാലും അവർ അവിടെ എല്ലായിടത്തും കുറെനേരം നോക്കി പിന്നെ കുറച്ചുനേരം കഴിഞ്ഞപ്പോൾ എല്ലാവരും പോയിത്തുടങ്ങിയിരുന്നു. അവർ ആ കൂട്ടത്തിൽ അവൻ ഉണ്ടാവും എന്ന് കരുതിയിരുന്നു. പക്ഷേ അതിലും ഉണ്ടായിരുന്നില്ല. കുറച്ച് ദൂരെയായി ഒരു കടയുടെ അരികിൽ പോയി നിന്ന് കരയുകയായിരുന്നു അവൻ. അവസാനം അവർ അടുത്തേക്കു ചെന്നു. അപ്പോഴാണ് അവർക്ക് ആശ്വാസമായത്. ഇതുപോലെ എത്രയെത്ര അനുഭവങ്ങൾ പത്രങ്ങ ളിൽ വായിച്ചിരിക്കുന്നു. ഇപ്പോൾ നമുക്ക് വന്നപ്പോഴല്ലേ ഇതിൻ്റെ വേദന

# ഇരുട്ടത്ത് കൂട്ടിന് മിന്നാമിന്നി

അമ്മയെ ഓർക്കുന്ന വേളയിൽ
അമ്മ പാടിയ  താരാട്ടു മാത്രമാണെനിക്ക് മുൻപിൽ
രാപ്പാടി പാടുന്ന പാട്ടുണ്ടെങ്കിലും
കാറ്റിന്റെ മൃദുവായ തലോടലുണ്ടെങ്കിലും
താരാട്ട് പാടാൻ മാത്രം അമ്മയില്ല
ഇരുട്ടിൽ അമ്മയെ ഓർക്കുമ്പോൾ
കൂട്ടിന് പാറിക്കളിക്കുന്ന മിന്നാമിന്നി മാത്രം
എത്ര രാത്രിയായാലും
അവൾ മാത്രമാണ് എനിക്ക് തുണ
അവൾ മാത്രമാണ് എനിക്ക് കൂട്ടിന്
അടുത്ത ജന്മമെങ്കിലും
ചിത്രശലഭങ്ങളെ പോലെ ജനിക്കണം
കുറച്ചു ദിവസങ്ങൾ എങ്കിലും പാറിപ്പറന്ന്
ജീവിതം ആസ്വദിക്കണം



Anashwara k

# നമ്മുടെ പ്രകൃതി

നിരവധി ജീവിയവും അജീവിയവും ആയ വസ്തുക്കളാൽ സമ്പന്നമാണ് നമ്മുടെ പ്രകൃതി. മനുഷ്യനു മാത്രമല്ല പ്രകൃതിയുടെ മടിത്തട്ടിൽ തന്റെ ജീവന്റെ ഉത്ഭവം മുതൽ മരണം വരെ ജീവിച്ചു തീർക്കുന്ന ഒരുപാട് ജീവജാലങ്ങൾ നമുക്ക് ചുറ്റുമുണ്ട്. പ്രകൃതിയിലെ ഓരോ ചെറിയ വസ്തുക്കളെയും ആധാരമാക്കി ജീവിക്കുന്ന നിരവധി ജീവജാലങ്ങൾ നമുക്കു ചുറ്റുമുണ്ട്. തന്റെ കുഞ്ഞുങ്ങളെ മാറോട് ചേർത്തു പിടിച്ചു സംരക്ഷിക്കുന്ന അമ്മക്ക് തുല്യമാണ് പ്രകൃതി. അമ്മയെ സംരക്ഷിക്കേണ്ടത് ഓരോ മക്കളുടെയും കടമയാണ്. ആ കൂട്ടത്തിൽ ഏറ്റവും നിഷ്ഠൂരവും ക്രൂരമായ മനസ്സിന് ഉടമകളാണ് മനുഷ്യർ. തന്റെ നിലനിൽപ്പിന് ആധാരമായവളെതന്നെ നശിപ്പിക്കാൻ നടക്കുകയാണ് നമ്മൾ മനുഷ്യൻ. ഉപകാരങ്ങൾ മാത്രം ചെയ്തിട്ട് ഉപദ്രവിക്കാൻ നടക്കുന്നവർ. മനുഷ്യനെ ശ്വസിക്കാനാവശ്യമായ പ്രാണവായു ലഭിക്കുന്നത് വൃക്ഷങ്ങളിലൂടെയാണ്. ശുദ്ധമായ പ്രാണവായു നൽകുന്നതിൽ വൃക്ഷങ്ങൾ പ്രധാന പങ്കു വഹിക്കുന്നു.



വൃക്ഷങ്ങൾ ധാരാളമായി കാണപ്പെടുന്ന മലകളും കുന്നുകളും നികത്തി അവിടെ വലിയ വലിയ കെട്ടിടങ്ങൾ ഉയർത്തുന്നു. വിദേശികളെ ആകർഷിക്കാൻ വേണ്ടി ഓരോരോ പടുകൂറ്റൻ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോഴും അവർ അറിയുന്നില്ല അവരുടെ നാശത്തിലേക്കുള്ള വഴിയാണ് അതെന്ന് . കുന്നുകൾ വലിയ ആവാസവ്യവസ്ഥക്ക് ഉദാഹരണമാണ്.ആ ആവാസവ്യവസ്ഥയെആശ്രയിച്ച് ജീവിക്കുന്ന ഒരുപാട് ജീവജാലങ്ങളെ അത് ബാധിക്കുന്നു. ഒരു വർഗം തന്നെ നശിച്ച് പോകാനിടയാകുന്നു. ഒരു ജീവിയുടെ ജീവൻ നിലനിർത്താൻ സഹായിക്കുന്ന ഒരു അമൂല്യമായ പ്രധാന ഘടകമാണ് ജലം . പ്രകൃതി ഒട്ടനവധി നദി കളാലും ജലസ്രോതസ്സുകളാലും സമ്പുഷ്ടമാണ്. നദി എന്ന ആവാസവ്യവസ്ഥയെ ആശ്രയിച്ച് നിരവധി ജീവജാലങ്ങൾ നിലനിൽക്കുന്നു. വ്യാവസായിക ആവശ്യങ്ങൾക്കായി മണൽ വാരി ജലസ്രോതസ്സുകളെ നശിപ്പിക്കുന്നു. ഫാക്ടറികളിൽ നിന്നും മറ്റും ഒഴുകിവരുന്ന മാലിന്യങ്ങൾ പുഴകളിലേക്ക് ഒഴുക്കി വിട്ടും പ്ലാസ്റ്റിക് മാലിന്യങ്ങൾ, ചപ്പുചവറുകൾ തുടങ്ങിയവ ജലത്തിലേക്ക് നിക്ഷേപിച്ചും ജലം ഉപയോഗ ശൂന്യമാക്കുന്നു . ഭൂമിയുടെ പ്രധാന സമ്പത്താണ് മണ്ണ് . വ്യത്യസ്തമായ നിരവധി മണ്ണിനങ്ങളാൽ ഫലഭൂയിഷ്ഠമാണ് നമ്മുടെ ഭൂപ്രകൃതി.അത്തരത്തിലുള്ള മണ്ണിൽ കൃഷി ചെയ്യുന്നത് കർഷകമേഖലയിൽ വളരെയധികം വർദ്ധനവുണ്ടാക്കുന്നു.എന്നാൽ പലതരം കീടനാശിനികൾ ഉപയോഗിച്ച് നമ്മുടെ ഫലഭൂയിഷ്ഠമായ മണ്ണിനെ ദുരുപയോഗം ചെയ്യുന്നു. നിരവധി പ്രവർത്തനങ്ങളിലൂടെ നമ്മുടെ പ്രകൃതിയെ നമ്മൾ നശിപ്പിക്കുന്നു. ദൈവത്തിന്റെ വരദാനമാണ് നമ്മുടെ മനോഹരവും നൈർമല്യവുമാർന്ന പ്രകൃതി. പ്രകൃതിയെന്ന അമൂല്യസമ്പത്തിനെ കാലാകാലം കാത്തു സൂക്ഷിക്കേണ്ടത് ഞാൻ ഉൾപ്പെടെയുള്ള ഓരോ വ്യക്തിയുടേയും കർത്ത വ്യമാണ്.

## നനയാത്ത പൊതിച്ചോറ്

കാർമേഘങ്ങൾ ഇരുണ്ടുകോടി മഴ വരുന്നുണ്ടെന്ന് ഉത്തരവിട്ടുകൊണ്ടിരുന്ന ആ വഴിയിലൂടെ രാമൻ ഒരു കടലാസ് പൊതി തന്റെ നെഞ്ചോട് ചേർത്ത് പിടിച്ച് ഏച്ച് ഏച്ച് വേഗത്തിൽ നടന്ന് പോവുകയാണ്. വീട്ടിലെത്തിയപ്പോഴേക്കും മഴ പെയ്തിരുന്നു.തന്റെ മകൾ കല്യാണി ഉംറത്ത് തന്നെ ഉറങ്ങിക്കിടക്കുന്നു.തന്നെ കാത്തിരുന്നു ഉറങ്ങിയത് ആണെന്ന് രാമന് മനസ്സിലായി.

രാമൻ കൂലിപ്പണിക്കാരനായ ഒരു മുടന്തനാണ്.ഭാര്യ പ്രസവത്തോടെ മരിച്ചിരുന്നു. കല്യാണിക്കു ഇപ്പോൾ ഏഴ് വയസ്സ്.അവൾ രണ്ടാം ക്ലാസിൽ പഠിക്കുന്ന പഠിക്കുന്നു. അച്ഛനും മകൾക്കും അവർ രണ്ടുപേരും മാത്രമായിരുന്നു സ്നേഹിക്കാനും താലോലിക്കാനും.



രാമൻ ഇന്ന് വൈകിയാണ് പണി കഴിഞ്ഞത്. തന്റെ മകളുടെ ഏഴാം പിറന്നാൾ ആണ് ഇന്ന്. അവൾക്ക് വേണ്ടി ബിരിയാണി വാങ്ങാൻ ഇന്ന് കുറച്ച് അധികം നേരം പണിയെടുക്കേണ്ടി വന്നു .

താൻ അടുത്ത് എത്തിയപ്പോഴേക്കും അവൾ ഞെട്ടി ഉണർന്നു.

"അച്ഛാ....അച്ഛാ...സന്തോഷം നിറഞ്ഞ അവളുടെ മുഖം ഒന്ന് വാടി.

"അച്ഛനോട് ഞാൻ മിണ്ടില്ല ഇനി കല്യാണി കല്യാണി എന്ന് വിളിച്ച വാ... ഞാൻ മിണ്ടില്ല".

അവൾ കണ്ണീര് നിറഞ്ഞ തിളങ്ങുന്ന കണ്ണുകളാലെ പറഞ്ഞു.രാമൻ അവളെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു.

"അയ്യോ എന്റെ കല്യാണിക്കുട്ടി എന്നോട് മിണ്ടിയില്ലേ വേറെ ആര് ഈ മുടന്തനോട് മിണ്ടും".

രാമൻ അടവ് പുറത്തെടുത്തു.

അച്ഛാ എന്തിനാണ് ഇപ്പോ ഇങ്ങനെയൊക്കെ പറയണേ "

"എന്തിനാ എന്റെ കുട്ടി കരയുന്നത്.പിറന്നാളിന് കരയാൻ പാടില്ല".അയാൾ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു

. അച്ഛനെ ഞാൻ എത്ര നേരം കാത്തുനിന്നു. എന്റെ പിറന്നാൾ ആയിട്ടും ഇന്ന് അച്ഛൻ വൈകി വന്നില്ലേ ". അവൾ പരാതി പറയാൻ തുടങ്ങി.

"അച്ഛനോട് ക്ഷമിക്കടാ...അച്ഛൻ മോൾക്ക് സമ്മാനം വാങ്ങാൻ പോയതാ"

"ആണോ...എവിടെ". അവളുടെ കണ്ണുകൾ വിടർന്നു. രാമൻ പൊതി നീട്ടി.

"അയ്യേ...പൊതിച്ചോറ് ഇതെന്നുംകൊണ്ടുവരുന്നതല്ലേ."

"ഇത് പൊതിച്ചോറ് അല്ലടിബിരിയാണിയാ "...

"ബിരിയാണി ഇങ്ങു താ ".

അവർ പൊതി തുറന്ന് അങ്ങോട്ടുമിങ്ങോട്ടും വാരിക്കൊടുത്ത് അത് കഴിച്ചു.

അവൾ ഉറങ്ങണമെങ്കിൽ കഥ കേൾക്കണം, അതില്ലാതെ അവൾക്ക് ഉറക്കമില്ല. ഇന്നും അച്ഛൻ അവൾക്ക് കഥ പറഞ്ഞു കൊടുത്തതിനിടയിൽ അവൾ അമ്മയെ പറ്റി ചോദിച്ചു.

"അച്ഛാ... ഇത്ര കൊല്ലമായിട്ടും അമ്മ എന്നെ കാണാൻ വരാത്തത്, അമ്മയ്ക്ക് എന്നോട് വല്ല ദേഷ്യവും ഉണ്ടോ?"

രാമന്റെ നെഞ്ച് ഒരു നിമിഷം പതറി അമ്മ ഈ ലോകത്ത് ഇല്ല എന്ന കാര്യം അവൾക്ക് അറിയില്ലായിരുന്നു.അയാൾക്ക് എന്ത് പറയണം എന്ന് നിശ്ചയവും ഇല്ലായിരുന്നു.

" എന്റെ കുഞ്ഞാവയെ അമ്മ എന്നും കാണാറുണ്ട്, നീ കാണാതെ അവൾ ഒളിച്ചിരിക്യാ... ഒരു ദിവസം നമുക്ക് അവളുടെ അടുത്തേക്ക് പോകണം.

"എന്നാ അച്ഛാ നമ്മൾ."

അയാൾ ജനാലയിലൂടെ ആയിരുട്ടിൽ നോക്കി നിന്നു. കല്യാണി കുറഞ്ഞ സമയം കൊണ്ട് ഉറങ്ങി കഴിഞ്ഞിരുന്നു. രാമൻ കല്യാണി ആവശ്യപ്പെട്ടിരുന്ന അവളുടെ അമ്മയുടെ ചിത്രത്തെക്കുറിച്ച്.

പിറ്റേദിവസം സ്കൂളിൽ കൊണ്ടുവിടാൻ രാമനും പോയിരുന്നു. സ്കൂൾ എത്തിയപ്പോൾ അവരെ എല്ലാവരും കളിയാക്കി കൊണ്ടിരുന്നു.

"മുടന്തന്റെ മോള്.... മുടന്തന്റെ മോള് "എന്നും പറഞ്ഞ് അവളെ ഒരുപാട് പരിഹസിച്ചു.

അയാൾക്ക് വിഷമമായി തന്റെ മോൾ താൻ കാരണം എന്നും അപമാനിതയാകുന്നുണ്ടെന്ന് അയാൾ മനസ്സിലാക്കി. ജീവിതം എന്തൊരു കഠിനമാണ്.

അയാൾ വീട്ടിലെത്തിയപ്പോൾ കല്യാണി ഓടി വന്ന് കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു,

" അച്ഛാ...അച്ഛാ ചിത്രം വരയിൽ എനിക്ക് ഫസ്റ്റ് "

"ആണോ എന്റെ സുന്ദരി മിടുക്കി തന്നെ" അയാൾ അവളെ അഭിനന്ദിച്ചു.

"എവിടെ നീ വരച്ച ചിത്രം". അവൾ ആ പേപ്പർ എടുത്ത് അച്ഛൻ നീട്ടി.

ആ ചിത്രം കണ്ട് അയാളുടെ നെഞ്ച് പിടഞ്ഞു, കണ്ണുകളിൽ നിന്ന് അയാൾ പോലും അറിയാതെ കണ്ണുനീർ ഒഴുകി. എന്റെ കുടുംബം എന്ന് അടിക്കുറിപ്പ് ഒരു അച്ഛനും അമ്മയും കുട്ടിയും ആണ് ആ ചിത്രത്തിൽ ഉണ്ടായിരുന്നത്.

"അച്ഛാ അച്ഛൻ എന്തിനാ കരയുന്നത്."

"ഒന്നുമില്ല മോളെ"...അയാൾ സങ്കടം കടിച്ചു പിടിച്ചു കൊണ്ട് പറഞ്ഞു.

അവൾ സങ്കടം നിറഞ്ഞ മുഖത്തോടെ അച്ഛനോട് ചോദിച്ചു,

"അച്ഛാ എന്റെ അമ്മ മരിച്ചിട്ടുണ്ട്"...

രാമൻ ആകെ വിറച്ചുപോയി.

" മോളോട് ഇതാരാ പറഞ്ഞേ ".

"ഉണ്ടോ ഇല്ലയോ എന്ന് പറ". അയാൾ ഒരു നിമിഷം പതറിപ്പോയി.

"എന്നോടൊപ്പം നുണ പറഞ്ഞതാണല്ലേ"...അവൾ കരയാൻ തുടങ്ങി.

" ഇല്ലയില്ല അവരൊക്കെ നുണ പറഞ്ഞതാണ്"

അച്ഛൻ ഇനി എന്നോട് ഒന്നും പറയണ്ട. എനിക്കൊന്നും എനിക്ക് കേൾക്കണ്ട. നിങ്ങൾ ഒരു മുടന്തനാ... നുണയനായ മുടന്തൻ. പോയി ഇവിടുന്നു എനിക്ക് നിങ്ങളെ കാണണ്ട. "

അവൾ കരഞ്ഞുകൊണ്ട് അകത്തേക്ക് പോയി. അയാൾ എന്ത് ചെയ്യണം എന്ന് അറിയാതെ ആ പേപ്പറും എടുത്ത് പുറത്തേക്ക് നടന്നു. ആ പേപ്പറിന് പിറകിൽ അവളുടെ അമ്മയെ വരക്കാൻ ആരംഭിച്ചു. അല്പസമയത്തിനുശേഷം അയാൾ ഒരു പൊതിച്ചോറ് വാങ്ങി തന്റെ വീട്ടിലേക്ക് നീങ്ങി.ആ പേപ്പറും പൊതിച്ചോറും കയ്യിൽ പിടിച്ച് പോകുന്നതിനിടയിൽ ഒരു കനത്ത മഴ പെയ്തു!. ഇടിയും ഉണ്ടായിരുന്നു കല്യാണി വീട്ടിൽ പേടിച്ചിരുന്നു. അവൾ പൊട്ടി കരയുന്നുണ്ടായിരുന്നു.

"അച്ഛാ...അച്ഛാ... ഞാൻ വെറുതെ പറഞ്ഞതാ... അച്ഛനെന്തിനാ പോയത് "അവൾ വിതുമ്പി കൊണ്ടിരുന്നു.

രാമന്റെ മനസ്സിൽ കല്യാണി മാത്രമായിരുന്നു. പരിഭ്രാന്തനായി നടക്കുന്നതിനിടയിൽ ഒരു കല്ലിതട്ടി അയാൾ നിലത്തുവീണു. രാമൻ വേദന കൊണ്ട് പുളഞ്ഞു. കാലിൽ ചോര പുഴഞ്ഞൊഴുകുന്നുണ്ടായിരുന്നു. അയാൾക്കൊന്ന് എഴുന്നേൽക്കാൻ കഴിഞ്ഞില്ല. വേദനയാർന്ന ആ കണ്ണുകളിൽ കല്യാണി മാത്രമായിരുന്നു.അപ്പോഴും ആ ചോരയാർന്ന കൈകളാൽ പൊതിച്ചോറും പേപ്പറും അയാൾ നെഞ്ചോട് ചേർത്ത് പിടിച്ചിരുന്നു....

# മക്കളാൽ വേദനിക്കുന്ന മാതാപിതാക്കൾ

ഒരു ദിവസം രമ്യ അമ്മയുടെ കൂടെ വീട്ടുസാധനങ്ങൾ വാങ്ങാൻ പുറത്ത് പോയി.അവൽ പതിയെപ്പതിയെ അമ്മയുടെ കൈപിടിച്ച് ഓടിച്ചാടി നടന്നു വരുകയായിരുന്നു.പെട്ടന്ന് അമ്മ അവളുടെ കൈ മുകുരുകെ പിടിച്ച് ഇങ്ങനെ പറഞ്ഞു.

"ദേ റോഡ് ക്രോസ് ചെയ്യാൻ പൂവാ...അവിടുന്നും ഇവിടുന്നുമെല്ലാം വണ്ടികൾ വരുന്നുണ്ട്.സൂക്ഷിച്ച് നന്നോണം.കേട്ടല്ലോ?"

അവൾ തലയാട്ടി.അങ്ങനെ അവർ ഒരു വിധത്തിൽ റോഡ് ക്രോസ് ചെയ്തു.അപ്പോഴാണ് അവളുടെ ശ്രദ്ധയിൽ ഒരു കാര്യം പെട്ടത്.തെരുവിൽ ഒരു കടയുടെ വരാന്തയിൽ അതാ ഒരു പാവം മുത്തശ്ശി ഇരിക്കുന്നു.മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച് മുടിയെല്ലാം പാറിപ്പറന്ന് കണ്ടാൽ തന്നെ ആരെയും പേടിപ്പെടുത്തുന്ന രൂപവുമായി ഒരു പാവം സ്ത്രീ. അവൾ ആ സ്ത്രീയെ കണ്ട് പേടിച്ച് അമ്മയുടെ സാരിത്തുമ്പിൽ മുറുക്കി പിടിച്ചു. അമ്മ അവളുടെ മുഖത്തേക്ക് നോക്കി.അവളുടെ മുഖം പേടികൊണ്ട് ചുവന്നു.കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകി.അമ്മ അവളെ നോക്കി വാത്സല്യത്തോടെ പറഞ്ഞു.

"അയ്യേ... എന്തിനാ മോളേ കരയുന്നെ?അതൊരു പാവം മുത്തശ്ശി അല്ലേ..? മോള് വാ.. നമുക്ക് ആ മുത്തശ്ശിക്ക് എന്തെങ്കിലും കൊടുക്കാം."

അവൾക്ക് ആദ്യം ആ സ്ത്രീയുടെ അടുത്തേക്ക് പോവാൻ പേടിയുണ്ടായിരുന്നു എങ്കിലും പിന്നെ ആ സ്ത്രീയുടെ കണ്ണിൽ നിന്ന് ഒഴുകി വരുന്ന കണ്ണുനീർ അവൾ ശ്രദ്ധിച്ചു.അമ്മ കടയിൽ നിന്നും ഒരു പാക്കറ്റ് ബ്രെഡ് വാങ്ങി രമ്യയുടെ കയ്യിൽ കൊടുത്തു.അവർ രണ്ടുപേരും ആ സ്ത്രീയുടെ അടുത്തേക്ക് നടന്നു.അവളാ സ്ത്രീയുടെ മുഖത്തേക്ക് നോക്കി.അവരുടെ കണ്ണുനീർ ഒഴുകിയ നീർ ചാലുകൾ അവള് ശ്രദ്ധിച്ചു.അവൾക്ക് സഹതാപവും ദയയും തോന്നി.

"അത് ആമുത്തശ്ശിക്ക് കൊടുക്ക് മോളേ" എന്ന് പറഞ്ഞു അമ്മ.അമ്മയുടെ ശബ്ദം കേട്ട് അവൾ ഞെട്ടി.അവൾ നേരിയ ഭയത്തോടെ ബ്രെഡ് പാക്കറ്റ് ആ സ്ത്രീയുടെ നേരെ നീട്ടി.അത് കണ്ടതും ആർത്തിയോടെ അവർ അവളുടെ കയ്യിൽ നി ന്നും ബ്രെഡ് പാക്കറ്റ് വാങ്ങി.അവൾ അമ്മയെ കെട്ടിപിടിച്ചു.

അമ്മയുടെ സാരിത്തുമ്പ് എടുത്ത് കണ്ണുകൾ പൊത്തിപ്പിടിച്ച് ആ സ്ത്രീ കഴിച്ച് കഴിയുന്നതുവരെ അവർ അവിടെത്തന്നെ നിന്നു. അത് കഴിച്ചു കഴിഞ്ഞ് അവർ ഇങ്ങനെ പറഞ്ഞു.

"വളരെ നന്ദിയുണ്ട്."

അവരുടെ മനോഹരമായ സ്വരം അവളുടെ ഭയം കുറച്ചു. അങ്ങനെ അവർ അവിടുന്ന് ബസ്സിൽ കയറി.ബസ്സ് ആ സ്ത്രീയെ മറയുന്നത് വരെ അവൾ അവരേ തന്നെ നോക്കി നിന്നു.അവളുടെ വീട് എത്തുന്നത് വരെ ആ സ്ത്രീയെ കുറിച്ച് ആലോചിച്ചു കൊണ്ടിരുന്നു.അവരെങ്ങനെയാവും ഇവിടെ ഇതിയിട്ടുണ്ടാവുക..? അവരുടെ പേര് എന്തായിരിക്കും..? ആ മുത്തശ്ശിയുടെ വീട് എവിടെയായിരിക്കും? മുത്തശ്ശിയുടെ അമ്മ മുത്തശ്ശി അവിടെ ഇരുന്നാൽ വഴക്ക് പറയല്ലേ..? അങ്ങനെ നൂറ് നൂറ് ചോദ്യങ്ങൾ ആ കുഞ്ഞു മനസ്സിൽ തിങ്ങി നിന്നു.



ANSILA O.P

Class:6A

# ഒത്തൊരുമയുള്ള ചങ്ങാതിമാർ

ഒരു പക്ഷിക്കൂട്ടം ഒരു ദിവസം ഒന്നിച്ച് പറക്കുകയായിരുന്നു. അപ്പോൾ അവർ കുറിച്ച ധാന്യമണികൾ നിലത്തു കണ്ടു. അങ്ങനെ അവർ കഴിക്കാൻ തുടങ്ങി. അപ്പോൾ രണ്ട് വേട്ടക്കാർ വന്ന് അവരു ടെ ദേഹത്തേക്ക് ഒരു വലവീശി. പക്ഷേ, അവർ വളരെ പെട്ടെന്ന് പറക്കാൻ ശ്രമിച്ചു. അതിലൊരു പക്ഷി പറഞ്ഞു



"ഈ വല കടിച്ചുപിടിച്ച് നമുക്ക് പറ

അങ്ങനെ വലയും കടിച്ചു പിടിച്ച് പ ണ്ടെലിയുടെ അടുത്ത് ചെന്ന് സഹായം ചോദിച്ചു. അപ്പോൾ ചു ടുത്തു. അവർ ചുണ്ടെലിയോട് നന്ദി പറഞ്ഞു മടങ്ങി.

പിന്നെ ഒരു ദിവസം കുറ ച്ച ധാന്യമ നിച്ചില്ല. അവർ ഒരു മരത്തിന്റെ ചില്ലയിൽ ഇരുന്നു. അ ധാന്യമണികൾ കണ്ട് അത് കഴിക്കാൻ തീരുമാനിച്ചു. അതു ക ഴിച്ചുകൊണ്ടിരുന്നപ്പോൾ അ വന്റെ തലയിലൂടെ ആ വല വീണു.പക്ഷികൾ വളരെ പെടെന്ന് ചുണ്ടെലിയെ കൂട്ടി ക്കൊണ്ടുവന്നു. അവർ പരുന്തിനെ രക്ഷിച്ചു അപ്പോഴവിടേക്ക് വന്ന കു റുക്കൻ ചോദിച്ചു.

"എന്താ ഇവിടെ സംഭവിച്ചത്.."
അവർ നടന്ന കാര്യങ്ങൾ എല്ലാം പറഞ്ഞു.
"ഞാൻ ഒരു കാര്യം പറയട്ടെ. ഞാൻ നിങ്ങളെ തിരക്കി വരുമ്പോൾ വേട്ടക്കാർ കുറച്ചു ധാന്യമണികൾ ഇവിടെ വിത റുന്നത് കണ്ടിരുന്നു."

പക്ഷികൾ പറഞ്ഞു.. "ഓഹോ ഇത് ഇവരുടെ പണിയായിരുന്നല്ലേ അവരെ ഒ രുപാഠം പഠിപ്പിക്കണം."

എല്ലാവരും കൂടിയൊരു കുഴി ഉണ്ടാക്കി കുറച്ചു ധാന്യമണികൾ കുഴിയുടെ അടുത്ത് ഇട്ടു.ഒരു പക്ഷി വന്ന് അവിടെ ഇരുന്നു.

കുറച്ചു കഴിഞ്ഞ് വേട്ടക്കാർ എത്തി.

"ആരാ ഇവിടെ ധാന്യമണികൾ ഇട്ടത്? എന്തായാലും നമുക്ക് ഉപകാരമുണ്ട്. ഒരു പക്ഷിയും ഇരിക്കുന്നുണ്ട്.

പക്ഷിയുടെ തലയിലേക്ക് അവർ വലയിട്ടു. പെട്ടെന്ന് പരുന്ത് വന്ന് കാലുകൊണ്ട് ആ പക്ഷിയെ കൊണ്ടുപോയി പിറകിലൂടെ കുറുക്കൻ വന്നു. കുഴിയിലേക്ക് ആ വേട്ടക്കാരനെ തള്ളിയിട്ടു. അവർ കുഴിയിൽ വീണു. പിന്നീട് അവരെല്ലാം സന്തോഷത്തോടെ ജീവിച്ചു.
എഴുതിയത്: ഫാത്തിമ അർഷിയ എ.കെ.7.G

# കലയുടെ ആരംഭം

ജനൽപാളികൾക്കിടയിലൂടെ പ്രഭാതകിരണം അവളെ തഴുകി ഉണർത്തി. പെട്ടെന്ന് കണ്ണ് തുറന്ന് അവൾ നോക്കിയപ്പോൾ സമയം ഏഴുമണി കഴിഞ്ഞിരുന്നു. വേഗം അവൾ കിടക്കയിൽ നിന്ന് എഴുന്നേറ്റു. 1അപ്പോഴാണ് അവൾക്കൊരു കാര്യം ഓർമ്മ വന്നത്. ഇന്ന് മുതൽ സ ക്കൂളുകൾ ഒന്നും ഇല്ലല്ലോ എന്ന് . അപ്പോൾ അവൾ വീണ്ടും. അവിടെ അന്നെ കിടന്നു പക്ഷേ രുവൾക്ക് പിന്നീട് ഉറങ്ങാൻ ഒന്നും കഴിഞ്ഞില്ല. അവൾ അവിടെ നിന്നും എഴുന്നേറ്റ് പുറത്തേക്കു നോക്കിയപ്പോൾ



സൂര്യൻ അവളെ നോക്കി ചിരിക്കക്കുന്നു. പ്രഭാതകർമ്മങ്ങളെല്ലാം ചെയ്ത ശേഷം അവർ ചായകുടികുടിക്കിൻ ഇരുന്നു. ചൂടോടെയുള്ള ചിയയും ദോശയും കറിയും രുചിയോടെ അവൾ കഴിച്ചു. എല്ലാവരും അവരുടേതായ ജോലിയിൽ മുഴുകിയിരിക്കുകയായിരുന്നു. അങ്ങനെ നിൽക്കുമ്പോൾ അവളുടെ അച്ഛൻ പത്രവായനക്കിടയിൽ അവളോട് പറഞ്ഞു:

"ഇന്ന് ഏതായാലു വെറുതെ ഇരിക്കുകയല്ലേ.... നമുക്ക് ചുമരിൽ ഒരു ചിത്രം വരച്ചാലോ?"

അത് കേൾക്കേണ്ട താമസം അവൾ പറഞ്ഞു

"ഞാൻ റെഡി. "

ചെളിയും വരയുമിയി വൃത്തികേടയി കിടന്നിരുന്ന ആ ചുമരിൽ അച്ഛൻ ആ ദ്യം വെള്ളപൂശി. അങ്ങനെ അവളുടേതായ ഭാവനയിൽ ഗ്രാമീണത തുളുമ്പുന്ന ഒരു മനോഹരചിത്രം ഒറ്റ ദിവസം കൊണ്ട് അവൾ ചുമരിൽ പകർത്തി. അത് കണ്ടവരെല്ലാം അവളെ ഒരുപാട് അഭിനന്ദിച്ചു. അയൽപക്കത്തെ വീട്ടിലെ കൂട്ടുകാരിയായ മീനൂട്ടിയുപ അവളുടെ ചിത്രം കാണാൻ വന്നു.

"നീ ഇതെങ്ങനെയാണ് ഒരു ദിവസം കൊണ്ട് വരച്ചെടുത്തത് ?"

ഒരു സംശയ ഭാവത്തോടെ മീനൂട്ടി ചോദിച്ചു


"അച്ഛന്റെ സഹായത്തോടെ ചെയ്തത് കൊണ്ടാണ് എല്ലാ ഒറ്റ ദിവസം കൊണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞത്. നീയും ഇതുപോലെ ഒന്ന് ചെയ്ത് നോക്കൂ"

"മീനൂട്ടി.... നിന്ന കൂവരയ്ക്കാൻ താൽപര്യമുണ്ടോ? തന്മയയുടെ കൂടെ നീയും വരയ്ക്കാനിരുന്നോ"

അച്ഛൻ അവളോട് പറഞ്ഞു. അന്നത്തെ വൈകുന്നേരം അവരങ്ങനെ സംസാരിച്ച് കഴിഞ്ഞു. തുടർന്നുള്ള ദിവസങ്ങളിൽ തന്മയ വരയുടെ ഒരു യാത്രയിലായിരുന്നു. പോപ്പറിലും മറ്റും ധാരാളമായി അവളുടെ ഭാവനകൾ പകർത്തി വരച്ചു. ഓരോ ചിത്രം വരച്ചു കഴിയുമ്പോഴും ഭാഗി കൂടിക്കൂടി വരികയായിരുന്നു. അവളെ പഠിപ്പിക്കുന്ന അധ്യാപകരും മറ്റെല്ലാവരും അവളുടെ ചിത്രം കണ്ട് വളരെ നല്ല അഭിപ്രായം നൽകി. അത് അവൾക്ക് വരയ്ക്കാനുള്ള തിൽ പര്യവും ഊർജ്ജം നൽകിക്കൊണ്ടിരുന്നു.

fidha 10-B

# പൂക്കളുടെ ലോകം



മീനുവിന്റെ വീട്ടിൽ ഒരു പൂന്തോട്ടമുണ്ട്. അവൾ അതിനെ പരിപാലിക്കാറില്ല. അതിന് ആവശ്യമായ വെള്ളംപോലും ഒഴിച്ചു കൊടുക്കുകയില്ല. എന്നും മീനുവിന്റെ അമ്മയാണ് ചെടികൾക്കൊക്കെ വെള്ളം ഒഴിക്കാറുള്ളത്. ഒരു ദിവസം മീനുവിൻ്റെ ടീച്ചർ ചെടികളെക്കുറിച്ചും മരങ്ങളെക്കുറിച്ചും ക്ലാസ്സ് എടുത്തു.

ടീച്ചർ പറഞ്ഞു: "മരങ്ങൾ ഒരിക്കലും വെട്ടി നശിപ്പിക്കരുത്.

അപ്പോൾ മീനുവിന് ഒരു സംശയം..മീനു ടീച്ചറിനോട് ചോദിച്ചു.

"അപ്പൊ ചെടികളോ?"

ടീച്ചർ മറുപടി പറഞ്ഞു:

"ചെടികളും വെട്ടി നശിപ്പിക്കരുത്."

സ്കൂൾ വിട്ടു. മീനു വീട്ടിലേക്ക് തിരിച്ചു വന്നു. എന്നിട്ട് അവൾ പൂന്തോട്ടത്തിലേക്ക് പോയി. അവിടെ അവൾ എല്ലാ ചെടികളെയും ഒന്ന് സൂക്ഷിച്ച് നോക്കി. അപ്പോഴാണ് അവളൊരു റോസാപ്പൂ കണ്ടത്. അതിൽ നിന്ന് വണ്ടുകൾ തേൻ നുകരുന്നുണ്ടായിരുന്നു. അന്ന് മുതലാണ് മീനു അവളുടെ പൂന്തോട്ടത്തെ പരിപാലിക്കാൻ തുടങ്ങിയത്.

ഫാത്തിമ റിഫ . പി (6-A)

# മാന്ത്രിക നാട്

പാവാട കുന്ന് എന്ന ഒരു ഗ്രാമം ഉണ്ടായിരുന്നു ഗ്രാമത്തിനു സമീപത്തായി നന്ദനം എന്ന ഒരു കാട് ഉണ്ടായിരുന്നു പകൽ സമയത്ത് പോലും ആ കാട്ടിലൂടെ പോകാൻ ആരും ധൈര്യപ്പെട്ടില്ല കാട്ടിൽ വന്യമൃഗങ്ങളെ കൂടാതെ ഭൂതത്താൻമാരും ഉണ്ട് എന്നാണ് വിശ്വാസം. മരങ്ങളും ചെടികളും ആ കാടിനെ മനോഹരമാക്കി.

" അപ്പൂ.... "

മുത്തശ്ശി അപ്പുവിനെ വിളിച്ചു.

"ഭക്ഷണം കഴിക്കാം"

മുത്തശ്ശി പറഞ്ഞു.

" വരുന്നു മുത്തശ്ശി... എവിടെ മാളു? "

"അവൾ ഭക്ഷണം കഴിച്ച്
കാളിക്കുട്ടിയോടൊപ്പം കളിക്കാൻ പോയി."

"എന്നാൽ ഞാനും പോട്ടെ. "

അപ്പു പറഞ്ഞു.

"അപ്പു ഭക്ഷണം കഴിച്ചിട്ട് പോകൂ"

"ഇപ്പോൾ വേണ്ട മുത്തശ്ശി."

"ഈ കുട്ടിയുടെ ഒരു കാര്യം."

"മാളൂ മാളൂ നീ എവിടെയാ?"



"കാളികുട്ടി മാളുവിനെ കണ്ടോ?"

അപ്പു കാളികുട്ടിയോട് ചോദിച്ചു.

"അവൾ ദാമുവിന്റെ കൂടെ റാവുച്ചേട്ടന്റെ വീട്ടിലെ പടക്കം എടുക്കാൻ പോയിട്ടുണ്ട്."

"അയ്യോ"

അപ്പു വേഗം റാവുച്ചേട്ടന്റെ വീട്ടിലേക്കോടി. റാവുച്ചേട്ടൻ ഒരു പണക്കാരനായിരുന്നു.ദരിദ്രൻമാരെയും കുട്ടികളെയും ഇഷ്ടമില്ലാത്ത ആൾ. വഴിയിൽ മാളു കരയുന്നത് കണ്ട അപ്പു അവളുടെ അടുത്തേക്ക് ഓടി.

"എന്തിനാ കരയുന്നത്?"

"റാവു ചേട്ടൻ തല്ലിയൊടിച്ചു."

"ഞാൻ എത്ര പ്രാവിശ്യം പറഞ്ഞതാ അങ്ങോട്ട്പോകേണ്ട എന്ന്. നീ അനുസരിച്ചില്ലാലോ."

"സോറി ഏട്ടാ. അവർക്ക് പണ്ണമുണ്ട് സാമ്പത്തുമുണ്ട്. നമുക്ക് പണമുണ്ടയിരുനെക്കിൽ.."

അവർ വീട്ടിലേക്ക് നടന്നു.

അത്താഴം കഴിച്ചു ഉറങ്ങാൻ കിടന്നു. ശക്തിയായി മഴപെയ്യാൻ തുടങ്ങി. പെട്ടെന്ന് അവരുടെ ച്ചുമര് പൊട്ടി. മുകളിലെ ചളിയും വെള്ളവും എല്ലാം വീടിന്റെ ഉള്ളിലേക്ക് ചാടി.അപ്പോൾ വിചിത്രമായ ഒരു ബാഗ് അവിടെ വീണു.അപ്പു അത് എടുത്തു നോക്കി. അതിന്റെ ഉള്ളിൽ ഒരു ബുക്ക് അത് തുറന്നുനോക്കി. അത് നന്ദനം കാടിന്റെ ഒരു ചിത്രമായിരുന്നു. അതിൽ എഴുതിയിരിക്കുന്നത്...

' പഴയ നന്ദനംക്കാട് വിശാലമായത്. മനോഹരമായത്.അവിടെ പണ്ട് രാജാക്കന്മാരുടെ ഒളിത്തവളമായിരുന്നു. ഒരിക്കൽ ഒരു രാജാവ് അവിടെ ഒളിപ്പാർക്കാൻ  വന്നു. കൂടെ കുറെ ചാക്കുകളും.അതിൽ സ്വർണം ആണെന്ന് മനസ്സിലാക്കിയ ഞാൻ രാജാവ് അറിയാതെഅതു മോഷ്ടിച്ചു. നന്ദനം കാടിന്റെ ഹൃദയത്തിൽ കുഴിച്ചിട്ടു. താവളത്തിലേക്ക് തിരിച്ചുപോയി. മോഷ്ടിച്ചത് ഞാനാണെന്ന് രാജാവ് അറിഞ്ഞിരുന്നു..'

നന്ദനം കാടോ... അത് ഇവിടെയാണല്ലോ. അപ്പോൾ ആ കാട്ടിൽ നിധി ഉണ്ടെന്നർത്ഥം. ഇത് എല്ലാം മാളു കേൾക്കുന്നുണ്ടായിരുന്നു.

ഞാനും വരാം. മാളു പറഞ്ഞു.

"ശരി. നാളെ പുറപ്പെടാം. "

അടുത്ത ദിവസം....

"മുത്തശ്ശി അറിയാതെ പോകാം. മാളു എല്ലാതും എടുത്തില്ല."

"കയർ, ഭക്ഷണം, വസ്ത്രം, കുട, വെള്ളം, എല്ലാതും എടുത്തുകഴിഞ്ഞു."

മുത്തശ്ശി കാണാതെ അവർ സ്ഥലം വിട്ടു. നന്ദനം കാട്ടിലെത്തി.മരങ്ങൾ കൊണ്ട് തിങ്ങിനിറഞ്ഞ ആ കാട് വിശാലമായിരുന്നു. വളരെയധികം മൃഗങ്ങളും പക്ഷികളും മരങ്ങളും.

ശ്രേയ കൃഷ്ണ (5G)

# മനുഷ്യാ നീ അറിയുന്നുവോ?

മരങ്ങൾ വെട്ടി നശിപ്പിക്കും മനുഷ്യാ നിൻ മനസ്സ്

നന്നാക്കു,നീ നന്നാവൂ...

ഒരു മരം വെട്ടിയാൽ രണ്ടു തൈ വെച്ച് പിടിപ്പിക്കുവിൻ

മനുഷ്യാ..

പറവകളും കുരുവികളും വസിക്കും കൂട്ടുകൾ നശിക്കുന്നത്

നീ അറിയുവോ?

ഞങ്ങളെ വെട്ടി നശിപ്പിക്കുമ്പോൾ

ദുഃഖങ്ങൾ പലതുണ്ട് മനുഷ്യാ...

നീ അറിയുന്നുവോ?

മരങ്ങൾ വെട്ടി നശിപ്പിക്കാൻ

നിനക്ക് ആരധികാരം നൽകി..

ഈ ലോകത്തിന്റെ സൃഷ്ടാവോ

അതോ നിൻ മനസ്സിൽ തോന്നിയ മോഹമോ

മാളവിക P.K 7 E

# ഒരു ജാതി ഒരു മതം

ഇന്ത്യയുടെയും പാകിസ്ഥാന്റെയും അതിർത്തിയിൽ പാവപ്പെട്ട ഒരു കുടുംബം താമസിച്ചിരുന്നു.അതിൽ അച്ഛനും അമ്മയും രണ്ടു കുട്ടികളും ഉണ്ടായിരുന്നു.അവർ വളരെ ദരിദ്രരായിരുന്നു.ഒരു നേരം മാത്രമാണ് ഭക്ഷണം കഴിച്ചിരുന്നത്.ബാക്കി നേരത്ത് വെള്ളം മാത്രമാണ് കുടിച്ചിരുന്നത്. ഒരു ദിവസം പെട്ടെന്ന് അവരുടെ അച്ഛൻ മരിച്ചു പോയി. അമ്മ സുഖമില്ലാതെ കിടപ്പിലാവുകയും ആ കുടുംബം മുഴു പട്ടിണിയാവുകയും ചെയ്തു.മൂത്തവൻ ഇവരെ നോക്കാൻ ഒരുപാട് കഷ്ടപ്പെട്ടു. ഈ കഷ്ടപ്പാട് കണ്ട് സഹോദരിയും പറ്റുന്ന ജോലികൾ ചെയ്യാൻ തുടങ്ങി. ഇതെല്ലാം കണ്ട് അമ്മക്ക് സന്തോഷവും അതിലേറെ സങ്കടവും തോന്നി.ഒരു ദിവസം അതു വഴി ഒരാൾ നടന്നു പോകുന്നുണ്ടായിരുന്നു.അയാൾ അവരോട് ചോദിച്ചു".നിങ്ങൾക് അമ്മയും അച്ഛനും ഇല്ലേ?...നിങ്ങൾ എന്തിനാണ് ഇങ്ങനെ കഷ്ടപ്പെടുന്നത്?" അവർ അവരുടെ കഥ അയാളോട് പറഞ്ഞു. അത് കേട്ടപ്പോൾ സങ്കടം തോന്നിയ അയാൾ വേഗം പോയി കുറെ സാധനങ്ങൾ വാങ്ങി ഇവർക്ക് കൊണ്ട് വന്നു കൊടുത്തു.ഇത് ആവർത്തിച്ചു കൊണ്ടിരുന്നു.അയാൾ കാരണം അവർ ആദ്യമായി സ്കൂളിൽ പോകാൻ തുടങ്ങി.അയാളുടെ നല്ല മനസ്സ് കാരണം അവർ സന്തോഷത്തോടെ ജീവിച്ചു.വേറെ മതക്കാരനായിട്ടും അദ്ദേഹം അവരെ സഹായിച്ചു.ഇതാണ് പറയുന്നത് ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന്

ANASHWARA 6-A

# അവാർഡിന്റെ നിറവിൽ സ്കൗട്ട് &ഗൈഡ്

സംസ്ഥാന അവാർഡിന്റെ നിറവിൽ സ്കൗട്ട് &ഗൈഡ് യൂണിറ്റ് 2023-24 വർഷത്തിൽ സംസ്ഥാന അവാർഡിന്റെ നിറവിൽ സ്കൗട്ട് &ഗൈഡ് യൂണിറ്റ്

2023-24 വർഷത്തിൽ സ്കൗട്ട് &ഗൈഡ് സ്കൗട്ട് ആൻഡ് ഗൈഡിന്റെ സംസ്ഥാന അവാർഡ് ആയ രാജ്യപുരസ്കാർ വിദ്യാലയത്തിലെ 143 സ്കൗട്ട് ഗൈഡുകൾ നേടിക്കൊണ്ട് ജില്ലയിൽ ഏറ്റവും കൂടുതൽ സംസ്ഥാന സംസ്ഥാന അവാർഡ് നേടുന്ന വിദ്യാലയമായി മാറാൻ സാധിച്ചു. വിദ്യാർത്ഥികളിൽ വ്യക്തിത്വവിക സനം, സൗര ബോധം അച്ചടക്കം, സ്വയം പര്യാപ്തത എന്നിവവളർത്തിയെടുക്കുന്നതിനുള്ള പ്രത്യേക ദേശീയ തലത്തിലുള്ള പരിശീലന പദ്ധതിയാണ് സ്കൗട്ട് &ഗൈഡ്. ജില്ലയിൽ നിന്നും ദേശീയ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും രാജസ്ഥാനിലെ പാലിമാർ വാറിൽ 27സ്കൗട്ട് ഗൈഡ്കൾ നാഷണൽ ക്യാമ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് മികച്ച നേട്ടങ്ങളിൽ ഒന്നാണ് മലപ്പുറം ജില്ലയിൽ ഏറ്റവും വലിയ സ്കൗട്ട് ഗൈഡ് യൂണിറ്റ് പ്രവർത്തിക്കുന്ന വിദ്യാലയമാണ് നമ്മുടേത്. സ്കൗട്ട് ഗൈഡ് വിഭാഗക്കാർക്ക് ഓരോ വർഷവും റിക്രൂട്ട്മെന്റ് നടക്കുന്നു. സംസ്ഥാന ക്യാമ്പിൽ മലപ്പുറം ലീഡ് ചെയ്തത് rmhs സ്കോട്ട് ഗൈഡ് യൂണിറ്റാണ്.അതുപോലെ സംസ്ഥാന കാമ്പൂരി ക്യാമ്പിൽ 48 ഗേഡുകൾ 16 സ്കൗട്ട്കളും പങ്കെടുത്തു. സംസ്ഥാനത്തെ ഏറ്റവും മികച്ച പരേഡ് പ്ലാറ്റ്യൂൺ, ബാൻഡ് ടീം എന്നിവ യൂണിറ്റിന്റെ നേതൃത്വത്തിനിടയിൽ ശ്രദ്ധ നേടാൻ സാധിച്ച പ്രവർത്തനങ്ങൾ ആയിരുന്നു. ആഴ്ചയിൽ രണ്ടു ദിവസങ്ങളിൽ വിദ്യാലയത്തിലെ 22 യൂണിറ്റുകളിലായി നടക്കുന്ന പരിശീലനം കുട്ടികളിൽ വലിയ മികവ് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. 2024-25 അധ്യാന വർഷത്തിൽ വിദ്യാലയത്തിൽ എത്തുന്ന 300 ലധികം കുട്ടികൾക്ക് സ്കൗട്ട് ഗൈഡ് യൂണിറ്റിൽ അംഗമാകുന്നതിനുള്ള വലിയ അവസരം വിദ്യാലയം കാത്തു വെക്കുന്നു. സബ്ജില്ലാ, ജില്ലാതലത്തിൽ മികവാർന്ന ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നു.സ്വന്തമായി വീടില്ലാത്ത സഹപാഠിക്ക് വീട് ഒരുക്കുന്ന പ്രവർത്തനങ്ങൾ,രോഗബാധിതരായ സഹപാഠിക്ക് ചികിത്സ സഹായനിധി ഒരുക്കുന്ന' സാന്ത്വനം ' പദ്ധതി,ക്യാൻസർ രോഗബാധിതരായ രോഗികൾക്കായി ഹെയർ ബാങ്ക്, സ്കൂൾ പച്ചക്കറി കൃഷി പരിശീലന കേന്ദ്ര പ്രവർത്തനങ്ങൾ, യൂണിറ്റ് ക്യാമ്പുകൾ, ഹൈക്കുക്കൾ, പരേഡ് പരിശീലനം, എന്നിങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾക്ക് യൂണിറ്റ് നേതൃത്വം നൽകുന്നു.് സ്കൗട്ട് ആൻഡ് ഗൈഡിന്റെ സംസ്ഥാന അവാർഡ് ആയ രാജ്യപുരസ്കാർ വിദ്യാലയത്തിലെ 143 സ്കൗട്ട് ഗൈഡുകൾ നേടിക്കൊണ്ട് ജില്ലയിൽ ഏറ്റവും കൂടുതൽ സംസ്ഥാന സംസ്ഥാന അവാർഡ് നേടുന്ന വിദ്യാലയമായി മാറാൻ സാധിച്ചു. വിദ്യാർത്ഥികളിൽ വ്യക്തിത്വവിക സനം, സൗര ബോധം അച്ചടക്കം, സ്വയം പര്യാപ്തത

എന്നിവവളർത്തിയെടുക്കുന്നതിനുള്ള പ്രത്യേക ദേശീയ തലത്തിലുള്ള പരിശീലന പദ്ധതിയാണ് സ്കൗട്ട്&ഗൈഡ്. ജില്ലയിൽ നിന്നും ദേശീയ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും രാജസ്ഥാനിലെ പാലിമാർ വാറിൽ 27സ്കൗട്ട് ഗൈഡ്കൾ നാഷണൽ ക്യാമ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് മികച്ച നേട്ടങ്ങളിൽ ഒന്നാണ് മലപ്പുറം ജില്ലയിൽ ഏറ്റവും വലിയ സ്കൗട്ട് ഗൈഡ് യൂണിറ്റ് പ്രവർത്തിക്കുന്ന വിദ്യാലയമാണ് നമ്മുടേത്. സ്കൗട്ട് ഗൈഡ് വിഭാഗക്കാർക്ക് ഓരോ വർഷവും റിക്രൂട്ട്മെന്റ് നടക്കുന്നു. സംസ്ഥാന ക്യാമ്പിൽ മലപ്പുറം ലീഡ് ചെയ്തത് rmhs സ്കോട്ട് ഗൈഡ് യൂണിറ്റാണ്.അതുപോലെ സംസ്ഥാന കാമ്പൂരി ക്യാമ്പിൽ 48 ഗേഡുകൾ 16 സ്കൗട്ട്കളും പങ്കെടുത്തു. സംസ്ഥാനത്തെ ഏറ്റവും മികച്ച പരേഡ് പ്ലാറ്റ്യൂൺ, ബാൻഡ് ടീം എന്നിവ യൂണിറ്റിന്റെ നേതൃത്വത്തിനിടയിൽ ശ്രദ്ധ നേടാൻ സാധിച്ച പ്രവർത്തനങ്ങൾ ആയിരുന്നു. ആഴ്ചയിൽ രണ്ടു ദിവസങ്ങളിൽ വിദ്യാലയത്തിലെ 22 യൂണിറ്റുകളിലായി നടക്കുന്ന പരിശീലനം കുട്ടികളിൽ വലിയ മികവ് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്.2024-25 അധ്യാന വർഷത്തിൽ വിദ്യാലയത്തിൽ എത്തുന്ന 300 ലധികം കുട്ടികൾക്ക് സ്കൗട്ട് ഗൈഡ് യൂണിറ്റിൽ അംഗമാകുന്നതിനുള്ള വലിയ അവസരം വിദ്യാലയം കാത്തു വെക്കുന്നു. സബ്ജില്ലാ, ജില്ലാതലത്തിൽ മികവാർന്ന ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നു.സ്വന്തമായി വീടില്ലാത്ത സഹപാഠിക്ക് വീട് ഒരുകുന്ന പ്രവർത്തനങ്ങൾ,രോഗബാധിതരായ സഹപാഠിക്ക് ചികിത്സ സഹായനിധി ഒരുക്കുന്ന' സാന്ത്വനം ' പദ്ധതി,ക്യാൻസർ രോഗബാധിതരായ രോഗികൾക്കായി ഹെയർ ബാങ്ക്, സ്കൂൾ പച്ചക്കറി കൃഷി പരിശീലന കേന്ദ്ര പ്രവർത്തനങ്ങൾ, യൂണിറ്റ് ക്യാമ്പുകൾ, ഹൈക്കുക്കൾ, പരേഡ് പരിശീലനം, എന്നിങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾക്ക് യൂണിറ്റ് നേതൃത്വം നൽകുന്നു.





# കർമ്മ മേഘലയിൽ,കരുത്തായി,കുട്ടി പോലീസ്

വിദ്യാർത്ഥികളിൽ അച്ചടക്കം, പൗരബോധം, സാമൂഹ്യ സേവന സന്നദ്ധ,പ്രകൃതി സ്നേഹം,സഹജീവി സ്നേഹം എന്നിവ വളർത്തിയെടുത്ത് ഉത്തമ പൗരന്മാരാക്കുക എന്ന ലക്ഷ്യവുമായി സംസ്ഥാന ആഭ്യന്തരവകുപ്പും, വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി 2012 ലാണ് ഈ വിദ്യാലയത്തിൽ ആരംഭിച്ചത്.

സാമൂഹിക മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ വിദ്യാലയത്തിനകത്ത് സമൂഹത്തിലും നടത്തി വരുന്നു. എന്റെ മരം,എന്റെ സ്വപ്നം ശുഭയാത്ര,സമ്പൂർണ്ണ ആരോഗ്യം, കേരളം ലഹരിക്കെതിരെ, ഡിജിറ്റൽ സാക്ഷരത,വീട്ടിൽ ഒരു ചങ്ങാതിക്കൂട്ടം എന്നീ സംസ്ഥാനതല പദ്ധതികൾക്ക് പുറമെ വിദ്യാലയത്തിലെ യൂണിറ്റിന്റെ തനതു പദ്ധതികളായ സഹപാഠിക്ക് ഒരു ഓണക്കോടി,മാലിന്യം ഇല്ലാത്ത എന്റെ വീട്,നമ്മുടെ നാടിന്റെ ഐശ്വര്യം, വൃത്തിയുള്ള വെള്ളിയാർ, പെൺബാങ്ക്,



എക്കോ ബ്രിക്ക്, തുണി സഞ്ചി,വിതരണ യൂണിറ്റ്,പിറന്നാൾ മരം ചലഞ്ച്,പിറന്നാൾ പുസ്തക ചലഞ്ച്, ജീവധാര രക്തദാന സേന രൂപീകരണം, പറവകൾക്ക് ഇത്തിരി കുടുനീർ തുടങ്ങിയ ഒട്ടേറെ പദ്ധതികളും കേഡറ്റുകളുടെ നേതൃത്വത്തിൽ മികച്ച രീതിയിൽ നടത്തിവരുന്നു. കുട്ടികളിലെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികൾ, പരേഡ് എന്നിവ എല്ലാ ബുധൻ, ശനി ദിവസങ്ങളിലും മികച്ച രീതിയിൽ നടന്നുവരുന്നു. യൂണിറ്റിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് അംഗീകാരമായി മുൻ വർഷങ്ങളിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച യൂണിറ്റ്,ജില്ലയിലെ ഏറ്റവും മികച്ച യൂണിറ്റ് എന്നീ പുരസ്കാരങ്ങളും കരസ്ഥമാക്കി. ഒട്ടേറെ മികവാർന്ന പ്രവർത്തനങ്ങളും മികച്ച പരേഡുമായി സംസ്ഥാനത്തെ ഏറ്റവും മികച്ച spc യൂണിറ്റുകളിൽ ഒന്നാണ് ഈ വിദ്യാലയം.

## ആരോഗ്യസേവനരംഗത്ത് കുതിപ്പോടെ ജൂനിയർ റെഡ് ക്രോസ്

ആരോഗ്യ സൗഹൃദ സേവനരംഗത്ത് എന്നും സജീവ സാന്നിധ്യമായി ജൂനിയർ റെഡ് ക്രോസ്, വിദ്യാലയത്തിലെ ആരോഗ്യരംഗത്തും മാധ്യമ രംഗത്തും ഉന്നത നിലവാരത്തിലുള്ള സേവനം കാഴ്ചവെക്കുന്നു. ഈ യൂണിറ്റിലൂടെ വിദ്യാലയത്തിലെ കുട്ടികൾക്കായുള്ള പ്രഥമ ശുശ്രൂഷ സേവനം ഉറപ്പാക്കുന്നു.

2012 ലാണ് മേലാറ്റൂർ ജെ. ആർ.സി. യൂണിറ്റ് ആരംഭിക്കുന്നത് ആരോഗ്യം, സേവനം,സൗഹൃദം എന്നീ രംഗങ്ങളിൽ വിദ്യാർഥികൾക്ക് അവബോധം നൽകുക. എന്ന ഉദ്ദേശത്തോടെ ലോകമെമ്പാടുമുള്ള റെഡ് ക്രോസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ റെഡ് ക്രോസ്സിന്റെ വിദ്യാർത്ഥി വിഭാഗമാണ് ജൂനിയർ റെഡ് ക്രോസ് (jrc)

സേവനരംഗത്ത് പാലിയേറ്റീവ് കെയർ ക്ലിനിക്കുമായി സഹകരിച്ച് പ്രവർത്തിക്കാറുണ്ട്. വിദ്യാലയത്തിനകത്തും പുറത്തുമുള്ള ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു വരുന്നുണ്ട്.

ലഹരിക്കെതിരെയും,പ്ലാസ്റ്റിക്കിനെതിരെയും ധാരാളം പ്രവർത്തനങ്ങൾ നടത്തിവരുന്ന മേലാറ്റൂർRMHSS JRC യൂണിറ്റ്,കുട്ടികൾക്ക് പ്രകൃതിയോട് കൂടുതൽ അടുത്തിട പഴകുന്നതിനുവേണ്ടി പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. കൂട്ടു തേടി എന്ന പേരിൽ സംഘടിപ്പിക്കാറുള്ള പ്രകൃതി പഠന ക്യാമ്പ് പറമ്പിക്കുളം, പെരിയാർ,കരിമ്പുഴ, തായ്‌ലൻഡ് വാലി തുടങ്ങിയ വന്യജീവി സങ്കേതങ്ങൾ സന്ദർശിച്ചു കഴിഞ്ഞു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചതിന് നിരവധി നേട്ടങ്ങൾ കൈവരിക്കാൻ jrc യൂണിറ്റിന് സാധിച്ചിട്ടുണ്ട്.



**Thanks………**